പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 4358

27.06.2013ൽ
മറുപടിക്ക്

# മണൽവാരൽ നിരോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ : | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മണൽവാരൽ സകല നദികളെയും ദോഷകരമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മണൽവാരൽ സകല നദികളെയും ദോഷകരമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മണൽവാരൽ പൂർണ്ണമായും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) അനധികൃത മണൽവാരൽ പൂർണ്ണമായും നിരോധിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) നദികളും കായലുകളും വറ്റി വരളുന്നതിനും മഴ കുറയുന്നതിനും മണലെടുപ്പ് ഹേതുവാകുന്ന വിഷയം പഠന വിധേയമാക്കിയിട്ടുണ്ടോ : | (സി) റവന്യു വകുപ്പ് മുഖേന പഠനവിധേയമാക്കിയിട്ടില്ല. |
| (ഡി) മണലെടുപ്പ് സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ ; അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ; | (ഡി) 2001 ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002 ലെ അനുബന്ധ ചട്ടങ്ങൾ പ്രകാരവും പുഴ മണൽ ഖനനം ചെയ്യുന്നതിനും കേരള മൈനർ മിനറൽ കൺസക്ഷൻ നിയമം 1967 പ്രകാരം കരമണൽ ഖനനത്തിനും നിയന്ത്രണങ്ങൾ നിലവിലുണ്ട്. |
| (ഇ) പ്രസ്തുത നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (ഇ) അനധികൃത മണൽ - മണ്ണ് ഖനനം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ പോലീസ്. ജിയോളജി വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ